

**TUESDAY** 02/09/2025 **ചൊവ്വാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/08/2025

1. കൃഷി വകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണമായ കേരള കർഷകൻ മാസികയുടെ ഓണപതിപ്പ് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് പ്രകാശനം ചെയ്തു. സെക്രട്ടറിയേറ്റ് അങ്കണത്തിൽ നടന്ന ചടങ്ങിൽ തുറമുഖം മ്യൂസിയം വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രന് സെപ്റ്റംബർ ലക്കം കേരള കർഷകൻ മാസിക നൽകികൊണ്ടാണ് കൃഷി മന്ത്രി പ്രകാശനം നിർവ്വഹിച്ചത്. സംസ്ഥാനത്തൊട്ടാകെ കൃഷിവകുപ്പിന്റെയും കർഷകരുടെയും നേതൃത്വത്തിൽ നടക്കുന്ന ഓണം ഒരുക്കങ്ങളുടെ വിശേഷണങ്ങളും, ഈ ഓണം കേരളാഗ്രോയ്ക്കൊപ്പം, ഉദ്യാനവിള കൃഷി പുതിയ ഉയരങ്ങളിലേക്ക് എന്നീ ഫീച്ചറുകളും ഓണപതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രകാശന ചടങ്ങിൽ കാർഷിക ഉത്പാദന കമ്മീഷണർ ഡോ ബി. അശോക് ഐ.എ.എസ്., കൃഷിവകുപ്പ് ഡയറക്ടർ ഡോ ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്. മറ്റ് കൃഷിവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. കേരള കർഷകൻ വാർഷിക വരിസംഖ്യ 200 രൂപയും ഓൺലൈന് പതിപ്പിന് 100

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രൂപയുമാണ്. www.fibkerala.gov.in എന്ന വെബ് സൈറ്റ് വഴി മാസികയുടെ വരിക്കാരാകാവുന്നതാണ്

2. ഓണത്തിന് കൃഷി വകുപ്പ് കേരളത്തിൽ ഉടനീളം 2000 കർഷക ചന്തകൾ ഇക്കൊല്ലം സംഘടിപ്പിക്കുമെന്ന് കൃഷിവകുപ്പ് മന്ത്രി. പി. പ്രസാദ്. സംസ്ഥാനത്തുടനീളം ഇന്നു മുതൽ സെപ്റ്റംബർ നാലു വരെ സംഘടിപ്പിക്കുന്ന കർഷകചന്തയിൽ **ഞങ്ങളും കൃഷിയിലേക്ക്** എന്ന ബൃഹത്തായ പദ്ധതിയിലൂടെ കൂടുതൽ ആളുകളെ കാർഷികമേഖലയിലേക്ക് ആകർഷിക്കാനായി സംസ്ഥാനത്ത് രൂപീകൃതമായ 25000 ത്തിലധികം വരുന്ന കൃഷികൂട്ടങ്ങളിലൂടെ ഓണക്കാലത്ത് ഗണ്യമായ അളവിൽ പച്ചക്കറി കേരളത്തിൽ തന്നെ ഉത്പാദിക്കാനായിട്ടുണ്ട്. ഇത്തരത്തിൽ ഉത്പാദിപ്പിച്ച സുരക്ഷിത പച്ചക്കറികൾ മാർക്കറ്റ് വിലയേക്കാൾ 10% അധികം വില നൽകി കർഷകരിൽ നിന്ന് സംഭരിച്ച്, വിപണിവിലയിൽ നിന്നും 30% കുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വിപണി വില നിയന്ത്രിക്കുന്നതിനാണ് സർക്കാര് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്. ഇത്തരത്തിൽ സംഘടിപ്പിക്കുന്ന കർഷകചന്തയുടെ സംസ്ഥാനതല ഉദ്ഘാടനം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സെപ്റ്റംബർ മാസം ഒന്നാം തീയതി എറണാകുളത്ത് വച്ച് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കുന്നതാണ്. 1076 ചന്തകൾ കൃഷിഭവൻ തലത്തിലും 764 എണ്ണം ഹോർട്ടികോർപ്പ് മുഖാന്തിരവും 160 എണ്ണം VFPCK മുഖന്തിരവുമാണ് നടത്തപ്പെടുന്നത്. കാർഷിക പൈതൃകത്തിന്റെയും സമൃദ്ധിയുടെയും വിളവെടുപ്പിന്റെയും ആഘോഷമായ ഓണകാലത്ത് നമ്മുടെ കർഷകരുടെ അധ്വാനഫലം പൊതുവിപണിയിൽ ന്യായവിലയ്ക്ക് ലഭ്യമാക്കാനുള്ള കൃഷിവകുപ്പിന്റെ ശ്രമങ്ങളുടെ ഭാഗമായാണ് കർഷകചന്തകള് സംഘടിപ്പിക്കുന്നത്. പഴം പച്ചക്കറികൾ കൂടാതെ കർഷകര്, കൃഷിക്കൂട്ടങ്ങള് കർഷികോത്പാദന സംഘങ്ങൾ സർക്കാർ ഫാമുകൾ എന്നിവയിലൂടെ ഉത്പാദിപ്പിച്ച കൃഷിവകുപ്പിന്റെ അംഗീകാരത്തോടെയുള്ള **കേരളാഗ്രോ ബ്രാൻഡ്** ഉത്പന്നങ്ങൾ ഓണവിപണിയിൽ ലഭ്യമാക്കുന്നുവെന്ന പുതുമകൂടി ഈ വർഷത്തെ കർഷക ചന്തകൾക്കുണ്ട്. കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., എന്നിവയുടെ ഏകോപനത്തിലൂടെയാണ് ഇത് സാധ്യമാക്കുന്നത്. പ്രാദേശിക കാർഷിക ഉത്പന്നങ്ങളും, കർഷക ചന്തകളിൽ എത്തിക്കുന്നതിനുള്ള നടപടികള് സ്വീകരിച്ചിട്ടുണ്ട്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. റബ്ബർബോർഡ് മാസംതോറും മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന 'റബ്ബർ' മാസികയുടെ വജ്രജൂബിലിയാഘോഷങ്ങളുടെ ഭാഗമായി ബോർഡിലെ പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ് വിഭാഗം ഹൈസ്കൂൾ വിദ്യാർത്ഥികൾ, കോളജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, റബ്ബർബോർഡുദ്യോഗസ്ഥർ എന്നിവർക്കായി ഉപന്യാസമത്സരം സംഘടിപ്പിക്കുന്നു. കൂടാതെ ഫോട്ടോഗ്രഫി മത്സരം, കാർട്ടൂൺരചനാ മത്സരം, ലോഗോ രൂപകൽപനാമത്സരം എന്നിവയും നടത്തുന്നു. മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് കാഷ് അവാർഡ് നൽകുന്നതാണ്. മത്സരങ്ങളുടെനിബന്ധനകൾ സംബന്ധിച്ച വിശദവിവരങ്ങൾ 2025 ആഗസ്റ്റ് മാസത്തെ റബ്ബർമാസികയിൽ നൽകിയിട്ടുണ്ട്. സൃഷ്ടികൾ അയക്കേണ്ട വിലാസം ഡെപ്യൂട്ടി ഡയറക്ടർ (പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ്), പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ് ഡിവിഷൻ, റബ്ബർബോർഡ്, കീഴുക്കുന്ന് കോട്ടയം - 02. ഇ-മെയിൽ വിലാസം - rubbermasika@gmail.com. സൃഷ്ടികൾ 2025 സെപ്റ്റംബർ 4 ന് മുമ്പായി ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടുക ഫോൺ-0481-2576622.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. നാളികേര വികസന ബോർഡ്, ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായി സഹകരിച്ച്, നാളികേര മേഖലയിലെ തൊഴിലാളികൾക്കായി പരിഷ്കരിച്ച 'കേര സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി' പുതുക്കിയ പദ്ധതി 2025 ഓഗസ്റ്റ് 15– ന പ്രാബല്യത്തിൽ വന്നു. ഈ പദ്ധതി പ്രകാരം, ഗുണഭോക്താവ് അടയ്ക്കേണ്ട വാർഷിക വിഹിതം 239 രൂപയിൽ നിന്ന് 143 രൂപയായി കുറച്ചു. ബോർഡ് സബ്സിഡിയായി നൽകുന്ന 85 ശതമാനം കിഴിച്ച് ബാക്കി 15 ശതമാനം മാത്രമേ അപേക്ഷകൻ അടയ്ക്കേണ്ടതുള്ളൂ. ഈ തുക ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ ഓൺലൈൻ വഴിയോ അടയ്ക്കാവുന്നതാണ്. നേരത്തെ തെങ്ങുകയറ്റ തൊഴിലാളികൾ, നീര ടെക്നീഷ്യൻമാർ, കൃത്രിമ പരാഗണ ജോലികളികളുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്നവർ എന്നിവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്ന പദ്ധതി, ഇപ്പോൾ നാളികേര തോട്ടങ്ങളിലും നാളികേര സംസ്കരണ ശാലകളിലും തേങ്ങ പൊതിക്കുക, പൊട്ടിക്കുക തുടങ്ങിയ ജോലികൾ ചെയ്യുന്ന തൊഴിലാളികളെ കൂടി ഉൾപ്പെടുത്തി വിപുലീകരിച്ചിരിക്കുകയാണ്. പദ്ധതിയിൽ അംഗമാകാൻ അപേക്ഷിക്കുന്നവർ 18 നും 65 നും ഇടയിൽ പ്രായമുള്ളവരും നിർദ്ദിഷ്ട

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുമായിരിക്കണം. ജീവഹാനിയോ സ്ഥിരമായ അംഗ വൈകല്യമോ സംഭവിച്ചാൽ 7 ലക്ഷം രൂപയും, ഭാഗിക അംഗ വൈകല്യത്തിന് 3.5 ലക്ഷം രൂപയും, അപകടവുമായി ബന്ധപ്പെട്ട ചികിത്സാ ചെലവുകൾക്ക് 2 ലക്ഷം രൂപ വരെയും നല്കുന്ന അപകട ഇൻഷുറൻസ് പരിരക്ഷയാണ് ഈ പദ്ധതി. അപകടം സംഭവിച്ചാൽ ആവശ്യമായ വിശ്രമ കാലയളവി (പരമാവധി ആറ് ആഴ്ച)ലേക്ക് 3,500 രൂപ വരെയുള്ള നഷ്ടപരിഹാരവും ഗുണഭോക്താവിനു ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ബോർഡിന്റെ വെബ്സൈറ്റ് www.coconutboard.gov.in സന്ദർശിക്കുകയോ 0484 2377266 (Extn 255) ൽ ബന്ധപ്പെടുകയോ ചെയ്യുക.

5. കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾ ഉൾപ്പെട്ട കൂട്ടുത്തരവാദിത്ത സംഘങ്ങളിൽ (JLGs)/ വ്യക്തികളിൽ (Individuals) നിന്നും പശു വളർത്തൽ, ആട് വളർത്തൽ, 'ഉശനില' മിനി കഫേ (വനിതാ കൂട്ടുത്തരവാദിത്ത സംഘങ്ങളിൽ (JLGs) നിന്ന് മാത്രം) എന്നീ വായ്പാ പദ്ധതികൾക്ക് സംരംഭകത്വ നൈപുണ്യ വികസന പദ്ധതി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

(2025-26) യുടെ കീഴിൽ മൂലധന സബ്സിഡി ധനസഹായം നൽകുന്നു. അപേക്ഷകൾ ഇന്ന് മുതൽ സമർപ്പിക്കാം. അപേക്ഷാ ഫോമിനും മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്കുമായി www.kswcfc.org സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 30.

## പരിശീലന പരിപാടി

6. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 09.09.2025 മുതൽ 20.09.2025 വരെ 10 ദിവസങ്ങളിലായി "ക്ഷീരോൽപന്ന നിർമ്മാണ പരിശീലന" പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്കും സംരംഭകർക്കും ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കായി പരിശീലനം പരിമിതപ്പെടുത്തിയിരിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 135/ രൂപ പരിശീലനാർത്ഥികൾ 08.09.2025-ന് വൈകുന്നേരം 5

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മണിക്ക് മുമ്പായി 8089391209, 0476 – 2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

**കാർഷിക നിർദേശം**

1. മഴക്കാലമായതിനാൽ വാഴയിൽ കുമിൾ രോഗമായ ഇലപ്പുള്ളിരോഗത്തിനു മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. 2 ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ 1 മി.ലി ടെബുകൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്കവിധം രണ്ടാഴ്ചയിലൊരിക്കൽ തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം